"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- തിരുവനന്തപുരം നഗരസഭയിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറായ ശ്രീ.അനിൽകുമാർ.എസ്, സമർപ്പിച്ച പുനഃപരിശോധനാഹർജി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

**സ.ഉ.(സാധാ) നം.2232/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 27/11/2020

---

പരാമർശം:- 1 നഗരകാര്യ ഡയറക്ടറുടെ 23.07.2019 തീയതിയിലെ വി1-5598/11 നമ്പർ ഉത്തരവ്

2 നഗരകാര്യ ഡയറക്ടറുടെ 04.03.2020 തീയതിയിലെ വി1-5598/11 നമ്പർ ഉത്തരവ്

3 തിരുവനന്തപുരം നഗരസഭയിലെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.അനിൽകുമാർ.എസ് സമർപ്പിച്ച 01.06.2020 തീയതിയിലെ പുനഃപരിശോധനാഹർജി

4 നഗരകാര്യ ഡയറക്ടറുടെ 14.10.2020 തീയതിയിലെ വി1-5598/2011നമ്പർ കത്ത്.

## ഉത്തരവ്

തിരുവനന്തപുരം നഗരസഭയിൽ വിജിലൻസ് & അന്റി കറപ്ഷൻ ബ്യൂറോ 17.07.2009 ൽ നടത്തിയ മിന്നൽ പരിശോധനയിൽ നഗരസഭയിലെ മിനി ഗ്യാരേജിൽ വാഹനങ്ങളിലെ സ്പീഡോ മീറ്റർ ഇളക്കി മാറ്റിയിട്ടുള്ളതായും ലോഗബുക്കുകൾ യഥാവിധി സൂക്ഷിക്കാത്തതായും രജിസ്റ്റർ പ്രകാരമുള്ള അറ്റകുറ്റപ്പണികൾ നടത്തിയിട്ടില്ലാത്തതായും കണ്ടെത്തുകയുണ്ടായി. ടി വിഷയത്തിൽ നഗരസഭയിലെ 2-ാം ഗ്രേഡ് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ശ്രീ.അനിൽകുമാർ.എസ്-നെതിരെ ആരംഭിച്ച അച്ചടക്കനടപടി ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫലത്തോടെ ഒരു വർഷത്തേയ്ക്ക് തടഞ്ഞുകൊണ്ട് തീർപ്പാക്കി പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു.

2. പ്രസ്തുത ഉത്തരവിനെതിരെ ശ്രീ.അനിൽകുമാർ എസ് നഗരകാര്യ ഡയറക്ടർക്ക് സമർപ്പിച്ചിരുന്ന അപ്പീൽ അപേക്ഷ നഗരകാര്യഡയറക്ടർ പരിശോധിക്കുകയും അതിൻപ്രകാരം ടിയാൻ മന:പൂർവ്വമായി ഗ്യാരേജിന്റെ പ്രവർത്തനങ്ങളിൽ ക്രമക്കേടുകൾ വരുത്തിയിട്ടില്ലാത്തതാണെന്ന് ബോധ്യപ്പെട്ടതിനാലും എന്നാൽ വാഹനങ്ങളെ സംബന്ധിച്ച ലോഗ് ബുക്ക് ഉൾപ്പെടെയുള്ള രജിസ്റ്ററുകൾ യഥാവിധി പരിശോധിക്കുന്നതിലും പരിപാലിക്കുന്നതിലും ശ്രീ.എസ്.അനിൽകുമാറിന്റെ ഭാഗത്ത് വീഴ്ചയുണ്ടായിട്ടുള്ളതിനാൽ ടിയാൻ സമർപ്പിച്ച അപേക്ഷപ്രകാരം ടിയാന്റെ പേരിൽ ചുമത്തിയിട്ടുള്ള ശിക്ഷയിൽ ഇളവ് വരുത്തി ടിയാന്റെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിതഫല പ്രാബല്യമില്ലാതെ തടഞ്ഞുകൊണ്ട്

പരാമർശം 2 പ്രകാരം ഉത്തരവായിരുന്നു.

3. ശ്രീ.അനിൽകുമാർ എസ്, മേൽ ഉത്തരവിനെതിരേ പരാമർശം 3 പ്രകാരം സർക്കാരിൽ സമർപ്പിച്ച പുനഃപരിശോധനാഹർജി പ്രകാരം തന്നിൽ ചുമത്തിയിരിക്കുന്ന കുറ്റം വാഹനങ്ങളെ സംബന്ധിക്കുന്ന ലോഗ്ബുക്ക് യഥാവിധി പരിശോധിക്കുന്നതിലും, പരിപാലിക്കുന്നതിലും താൻ വീഴ്ച വരുത്തി എന്നുള്ളതാണ്. ഗ്യാരേജ് സൂപ്പർവൈസറുടെ നിർദ്ദേശാനുസരണം അദ്ദേഹത്തിന് കീഴിൽ ജോലി നോക്കി വരുന്ന ജെ.എച്ച്.ഐ 2 ആണ്. ഡ്രൈവർമാർ എഴുതുന്ന ലോഗ് ബുക്കിൽ ഇന്ധനം നിറച്ചിട്ടുള്ളത് രേഖപ്പെടുത്തിയിരിക്കുന്നത് പരിശോധിച്ച് ഗ്യാരേജ് സൂപ്പർവൈസറാണ് ഇന്ധനത്തിന്റെ ഇൻഡന്റ് നൽകി വന്നിരുന്നത്. ഇത് പരിശോധിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം ഗ്യാരേജ് സൂപ്പർവൈസറോ, മേലുദ്യോഗസ്ഥൻമാരോ ആഡിറ്റ് വിഭാഗമോ തനിക്ക് നൽകിയിരുന്നില്ലായെന്നും തനിക്കധികാരമില്ലാത്ത കാര്യം തനിക്ക് പരിശോധിക്കാൻ കഴിയുന്നതല്ലായെന്നും കൂടാതെ ഈ നടപടിക്കാധാരമായ വിജിലൻസ് റിപ്പോർട്ടിൽ താൻ ക്രമക്കേട് നടത്തിയതായോ, കുറ്റക്കാരനാണെന്നോ തന്നെ ശിക്ഷിക്കണമെന്നോ പരാമർശിച്ചിട്ടില്ലാത്തതു മാകുന്നു എന്നും അറിയിക്കുന്നു. മാത്രവുമല്ല ബഹു.നഗരകാര്യ മേഖല ഡയറക്ടറും, തിരുവനന്തപുരം നഗരസഭ സെക്രട്ടറിയും, തുടർനടപടികളിൽ നിന്നും തന്നെ ഒഴിവാക്കണമെന്ന് ശുപാർശ ചെയ്തിട്ടുള്ളതുമാണ് എന്നും അറിയിച്ചിരിയ്ക്കുന്നു.

4. കൂടാതെ താൻ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിൽ നിയമിതനാകുകയും, ഈ ജോലിയിൽ പ്രാഗൽഭ്യമുള്ള തനിക്ക് ഗ്യാരേജിന്റെ ജോലികളിൽ മുൻപരിചയം ഇല്ലാത്തതും, സാങ്കേതിക പരിജ്ഞാനം ഇല്ലാത്തതും, ജെ.എച്ച്.ഐ 2 ആയ തനിക്ക് ഗ്യാരേജ് നിയന്ത്രിക്കുന്നതിന് നേരിട്ട് അധികാരം ഇല്ലാത്തതുമാണ്. ഗ്യാരേജ് സൂപ്പർവൈസറുടെ കീഴിൽ അദ്ദേഹത്തിന്റെ ആജ്ഞാനുസരണം ജോലി നോക്കി വരുന്നയാളാണ് താൻ. ഈ സമയത്ത് അധികാരത്തിൽ ഉണ്ടായിരുന്ന ഗ്യാരേജ് സൂപ്പർവൈസറെ വരെ വെറുതെ വിടുകയും തികച്ചും നിരപരാധിയായ തന്നിൽ ചുമത്തിയിരിക്കുന്ന ശിക്ഷ നീതീകരിക്കാത്തതാണെന്നും, വസ്തുതകളുടെ അടിസ്ഥാനത്തിൽ വിജിലൻസ് റിപ്പോർട്ടിൽ പ്രത്യേകമായി തന്നിൽ നിന്ന് എന്തെങ്കിലും വീഴ്ച ഉള്ളതായി പ്രത്യേകിച്ച് പറയുന്നില്ല എന്നത് ബോദ്ധ്യപ്പെട്ടും സഞ്ചിതഫലമില്ലാതെ ഒരു വർഷത്തെ ഇൻക്രിമെന്റ് തടഞ്ഞുകൊണ്ടുള്ള ശിക്ഷ പൂർണ്ണമായും ഒഴിവാക്കി നൽകണമെന്ന് ശ്രീ.അനിൽകുമാർ എസ് അപേക്ഷിച്ചിരിയ്ക്കുന്നു.

5. സർക്കാർ ഇക്കാര്യം നഗരകാര്യഡയറക്ടറുടെ പരാമർശം 4ലെ റിപ്പോർട്ട് പ്രകാരം വിശദമായി പരിശോധിച്ചു. ശ്രീ.അനിൽകുമാർ എസ് സർക്കാരിൽ സമർപ്പിച്ച റിവ്യൂ ഹർജി പരിശോധിച്ചതിൽ ശ്രീ.അനിൽകുമാർ എസിനെതിരെയുള്ള ആരോപണങ്ങൾ വളരെ ഗുരുതരമായിട്ടുള്ളതാണ്. ടിയാനെതിരായ കഠിനശിക്ഷയ്ക്കുള്ള ശിക്ഷാനടപടി ടിയാന്റെ അപ്പീൽ അപേക്ഷയിലെ വാദങ്ങൾ പരിഗണിച്ചതിന്റെ അടിസ്ഥാനത്തിൽ നഗരകാര്യഡയറക്ടർ ശിക്ഷയിൽ ഇളവു വരുത്തി നൽകിയിട്ടുള്ളതാണ്. ടിയാനെതിരായ വിജിലൻസ് കണ്ടെത്തിയ ആരോപണങ്ങളിൽ ടിയാന് വീഴ്ചയുണ്ടായി എന്നതിനാൽ ശ്രീ.അനിൽകുമാർ എസ്-ന്റെ ഹർജിയിലെ ആവശ്യം നിരസിച്ചുകൊണ്ട് പരാമർശം 3 പ്രകാരമുള്ള അപ്പീൽ തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യു**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ശ്രീ.അനിൽകുമാർ എസ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തിരുവനന്തപുരം നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

2